## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3340** **26-06-2024 - ൽ മറുപടിയ്ക്ക്**

## എയ്‌ഡഡ് സ്കൂളുകളിലെ അധ്യാപക, അനധ്യാപക നിയമനങ്ങൾ അംഗീകരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ എയ്‌ഡഡ് സ്കൂളുകളിലെ അധ്യാപക, അനധ്യാപക നിയമനങ്ങൾ അംഗീകരിക്കാൻ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കേരള വിദ്യാഭ്യാസ ചട്ടങ്ങളുടേയും സർക്കാർ അതതു സമയം നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടേയും, ബഹു.കോടതി വിധികളുടേയും വ്യവസ്ഥകൾക്കനുസൃതമായി സംസ്ഥാനത്തെ എയ്‌ഡഡ് സ്കൂളുകളിലെ അദ്ധ്യാപക **അനധ്യാപക നിയമനങ്ങൾ** അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് ബഹു.സുപ്രീം കോടതി/ഹൈക്കോടതി വിധി ന്യായങ്ങളുടെ അടിസ്ഥാനത്തിൽ 18-11-2018 മുതൽ 07-11-2021 വരെയുള്ള തസ്തികകളിലെ ഒഴിവുകളിൽ നിയമിക്കപ്പെട്ടവരെ താത്കാലികമായി ശമ്പള സ്കെയിലിലും 08-11-2021-ന് ശേഷമുണ്ടായ തസ്തികകളിലെ ഒഴിവുകളിൽ നിയമിക്കപ്പെട്ടവരെ ദിവസവേതന അടിസ്ഥാനത്തിലും നിയമനം നൽകി അംഗീകരിച്ചു വരുന്നു. |
| (ബി) | നിയമന അംഗീകാരത്തിന് എത്തുന്ന അപേക്ഷകളിൽ വർഷങ്ങളോളം തീരുമാനം കൈകൊള്ളാത്തത് മൂലം നിരവധി ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | അതാത് വർഷത്തെ നിയമന വ്യവസ്ഥകൾക്കനുസരിച്ച് നിയമന അംഗീകാരം നൽകി വരുന്നു. ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമായി നടത്തുന്ന നിയമനങ്ങൾക്കാണ് അംഗീകാരം നൽകുന്നതിന് തടസ്സം ഉണ്ടാകുന്നത്. |
| (സി) | നിയമന സമയത്ത് കെ-ടെറ്റ് ഇല്ലാതിരിക്കുകയും അതിന് ശേഷം ഈ അധിക യോഗ്യത നേടുകയും ചെയ്തവരുടെ നിയമനം യോഗ്യത നേടിയ സമയം മുതൽ നൽകാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) | കെ-ടെറ്റ് യോഗ്യത നേടുന്നതിന് ഇളവ് നൽകുന്നതുൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ സർക്കാർ പുറപ്പെടുവിച്ച സ.ഉ.(കൈ)15/2023/ പൊ.വി.വ തീയതി 17-02-2023 ഉത്തരവ് പ്രകാരം തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഇത്തരത്തിൽ നിയമനത്തിന് ശേഷം അധിക യോഗ്യത നേടിയ നിരവധി ജീവനക്കാരുടെ നിയമനം അംഗീകരിക്കുകയും എന്നാൽ സമാന രീതിയിൽ | (ഡി) | ഇല്ല |

| | | | |
|---|---|---|---|
| | യോഗ്യത നേടിയ മറ്റു നിരവധി പേരുടെ നിയമനം അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഇ) | എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ